**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5250** **14-03-2023 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് യോഗ്യതാപരീക്ഷ ഒഴിവാക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഡെപ്യൂട്ടി തഹസിൽദാർ തസ്തികയുടെ യോഗ്യതാപരീക്ഷയായ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പ്രൊമോഷൻ ടെസ്റ്റ് ആക്കണമെന്ന് ഏതെങ്കിലും സർവീസ് സംഘടന 1980 മുതൽ 2022 വരെയുള്ള കാലയളവിൽ ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഏത് സംഘടനയാണ് ആവശ്യമുന്നയിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (എ) | ക്രിമിനൽ ജുഡീഷ്യറി ടെസ്റ്റ് തഹസിൽദാർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനു വേണ്ടിയുള്ള ടെസ്റ്റ് യോഗ്യത ആക്കണമെന്ന് റവന്യൂ വകുപ്പിലെ അംഗീകൃത സർവ്വീസ് സംഘടനകൾ എല്ലാം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏതെങ്കിലും സർവീസ് സംഘടന പ്രസ്തുത വിഷയം ഒരു സബ് കമ്മിറ്റിയെ വച്ച് പഠന വിധേയമാക്കിയിട്ടുണ്ടോ; ഇക്കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | 1980-ലെ കേരള റവന്യൂ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് ആയ ശേഷം പോലും ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പാസ്സാകാൻ അവസരം നല്കിയിട്ടുണ്ടെന്നിരിക്കെ പ്രസ്തുത യോഗ്യത ഒഴിവാക്കുന്ന പുതിയ സ്പെഷ്യൽ റൂൾ ഭേദഗതി വകുപ്പിനെ ശാക്തീകരിക്കുന്നതാണോ; ഇതുമൂലം സർക്കാരിനോ പൊതുജനങ്ങൾക്കോ എന്തെങ്കിലും പ്രയോജനമുണ്ടോ; ഇത് മൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | മുൻകാലങ്ങളിൽ ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തിക സെക്കന്റ് ക്ലാസ് മജിസ്ട്രേറ്റിന് തുല്യമായിരുന്നതിനാൽ അവർക്ക് മജിസ്റ്റീരിയൽ ഡ്യൂട്ടി ചെയ്യേണ്ട സാഹചര്യമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവരുടെ ജോലി സ്വഭാവത്തിൽ മാറ്റം വന്നിട്ടുണ്ട് എന്നതിനാലും പ്രസ്തുത തസ്തികയിലെ ജോലി നിർവ്വഹണത്തിന് നിലവിൽ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് യോഗ്യത അനിവാര്യമല്ല എന്ന് വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആണ് കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 10 ൽ പ്രതിപാദിച്ചിട്ടുള്ള ടെസ്റ്റുകളിൽ ക്രമനമ്പർ 3 പ്രകാരമുള്ള ക്രിമിനൽ ജുഡീഷ്യറി ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | നിലവിൽ ഡെപ്യൂട്ടി തഹസിൽദാർ/സമാന തസ്തികകളിൽ ടെസ്റ്റ് യോഗ്യത നേടാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം സർവീസിൽ പ്രവേശിച്ചവർ എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | ഓരോ വർഷവും ടെസ്റ്റ് പാസ്സായി യോഗ്യത നേടുന്ന ജീവനക്കാരുടെ വിവരം, ജില്ലകളിൽ നിന്നും പ്രസ്തുത ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനുള്ള ശുപാർശ ലഭിക്കുമ്പോൾ മാത്രമാണ് ലഭ്യമാകുന്നത്. |

| | | | |
|---|---|---|---|
| | | | ചില ജീവനക്കാർക്ക് ടെസ്റ്റ് യോഗ്യത നേടുന്നതിന് മുൻപ് ചട്ടം 13 B ൽ പറയുന്ന പ്രകാരം 50 വയസ്സ് പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനാൽ approved probationers ന്റെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ടെസ്റ്റ് യോഗ്യത നേടിയവരുടെ വിവരം അറിയാൻ സാധിക്കുന്നില്ല. ടി വിവരങ്ങൾ ജീവനക്കാർ ഓരോരുത്തരുടേയും സേവന പുസ്തകങ്ങൾ പ്രത്യേകം പ്രത്യേകം പരിശോധിച്ചാൽ മാത്രമേ കൃത്യമായി ലഭ്യമാക്കാൻ സാധിക്കുകയുള്ളു. |
| (ഇ) | റവന്യൂ വകുപ്പിൽ ക്ലാർക്ക് മുതലുള്ള ജീവനക്കാരിൽ എത്രപേർ ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് പാസ്സായി പ്രൊമോഷന് യോഗ്യത നേടിയിട്ടുണ്ടെന്നും ആയത് ഒഴിവാക്കുന്നതിലൂടെ എത്ര പേർക്ക് ഗുണം ലഭിക്കുമെന്നും വ്യക്തമാക്കാമോ? | (ഇ) | ഓരോ വർഷവും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ രണ്ട് തവണ വീതം ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് നടത്തുമെന്നതിനാലും വിജയിക്കുന്ന ജീവനക്കാർ അതാതു സമയങ്ങളിൽ ടി വിവരം ഓഫീസ് മേധാവിയെ രേഖാമൂലം അറിയിക്കാത്തതിനാലും കൃത്യമായ ജീവനക്കാരുടെ വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ